# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2893

20/12/2012-ൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്നത്

## സർക്കാർ പ്രീ-പ്രൈമറി അദ്ധ്യാപകർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. പി.കെ. അബ്ദുറബ്ബ് (മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന സർക്കാർ പ്രീ-പ്രൈമറി അധ്യാപകരുടെ എണ്ണം എത്രയെന്നും അവരുടെ വിദ്യാഭ്യാസ യോഗ്യത എന്തെന്നും വ്യക്തമാക്കുമോ; | (എ) സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറി ക്ലാസുകളിലെ അധ്യാപകരുടെ എണ്ണം - 115. അവരുടെ യോഗ്യത പത്താം ക്ലാസ് വിജയവും താഴെ പറയുന്നവയിൽ ഏതെങ്കിലുമൊന്നുമാണ് 1) കേരള സർക്കാരോ പഴയ തിരുവിതാംകൂർ, കൊച്ചി സർക്കാരുകളോ, പഴയ തിരു-കൊച്ചി സർക്കാരോ നൽകിയിട്ടുള്ള നഴ്സറി ട്രെയിനിംഗ് സർട്ടിഫിക്കറ്റ് (2) ഇന്ത്യൻ സ്റ്റേറ്റ് കൗൺസിൽ ഫോർ ചൈൽഡ് വെൽഫയർ നൽകുന്ന നഴ്സറി ട്രെയിനിംഗ് സർട്ടിഫിക്കറ്റ് (3) സംസ്ഥാന ശിശുക്ഷേമ സമിതികൾ നൽകുന്ന ബാലസേവിക ട്രെയിനിംഗ് സർട്ടിഫിക്കറ്റ്, (4) സംസ്ഥാന സർക്കാർ അംഗീകരിച്ച പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ്<br>പി.ടി.എ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി ക്ലാസുകളിലെ അധ്യാപകരുടെ എണ്ണം - 2395 ഉം അവരുടെ യോഗ്യത പത്താം ക്ലാസ് വിജയവും സർക്കാർ അംഗീകൃത പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റുമാണ്. |

| | | | |
|---|---|---|---|
| (ബി) | അവർക്ക് നൽകുന്ന പ്രതിമാസ പ്രതിഫലം എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറി ക്ലാസുകളിലെ അധ്യാപകർക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടുണ്ട്. പി.ടി.എ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി ക്ലാസുകളിലെ യോഗ്യതയുള്ള അധ്യാപകർക്ക് പ്രതിമാസം 5000/രൂപ ഓണറേറിയമായി അനുവവദിക്കാൻ ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത അധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്നും പുതുക്കിയ വിദ്യാഭ്യാസ യോഗ്യത എന്തെന്നും വ്യക്തമാക്കുമോ; | (സി) | പി.ടി.എ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി ക്ലാസുകളിലെ അധ്യാപകരുടെ വേതനം പുതുക്കി നിശ്ചയിച്ച് 07.12.12 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം 385/12/പൊ.വി. പ്രകാരം തീരുമാനമായിട്ടുണ്ട്. പ്രീ-പ്രൈമറി അധ്യപകരുടെ വിദ്യാഭ്യാസ യോഗ്യത പുതുക്കി നിശ്ചയിച്ചിട്ടില്ല. |
| (ഡി) | വർഷങ്ങളായി പ്രീ-പ്രൈമറി അധ്യാപക ജോലി ചെയ്തു കൊണ്ടിരിക്കുന്ന, പുതുക്കി നിശ്ചയിച്ച യോഗ്യത ഇല്ലാത്തവർക്ക്, ഇൻ-സർവ്വീസ് ട്രെയിനിംഗ് നടത്തുന്നതിന് നടപടി സീകരിക്കുമോ; | (ഡി) | നിശ്ചിത യോഗ്യത നേടാത്തവരുടെ കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. |
| (ഇ) | വൈപ്പിൻ മണ്ഡലത്തിൽ സർക്കാർ പ്രതിഫലം പറ്റുന്ന പ്രീ-പ്രൈമറി അധ്യാപകരുടെ എണ്ണവും യോഗ്യതയും സർവ്വീസ് കാലാവധിയും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ? | (ഇ) | അനുബന്ധമായി ചേർത്തിരിക്കുന്നു |

Sheela P

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| എളങ്കുന്നപ്പുഴ പഞ്ചായത്ത് | | | |
|---|---|---|---|
| സ്കൂളിന്റെ പേര് | അദ്ധ്യാപകരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച തീയതി | യോഗ്യത |
| ജി.യു.പി.എസ് പുതുവൈപ്പ് | 1 | 01/06/10 | എസ്.എസ്.എൽ.സി, ഭാരത് സേവക് സമാജ് ശിശുലക്ഷ്മി (എൻ.റ്റി.റ്റി,സി) |
| ജി.യു.പി.എസ് വൈപ്പിൻ | 1 | 12/09/11 | എസ്.എസ്.എൽ.സി, ഇന്റർനാഷണൽ പ്രീ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് |
| ജി.എൽ.പി.എസ് എളങ്കുന്നപ്പുഴ | 1 | 02/07/12 | പി.ഡി.സി, പി.പി.റ്റി.റ്റി.സി |
| ജി.എൻ.എൽ.പി.എസ് എളങ്കുന്നപ്പുഴ | 1 | 01/09/09 | എസ്.എസ്.എൽ.സി, പി.ഡി.സി |
| **ഞാറയ്ക്കൽ പഞ്ചായത്ത്** | | | |
| ജി.എഫ്.യു.പി.എസ് ഞാറയ്ക്കൽ | 1 | 01/06/11 | ഡിഗ്രി |
| **എടവനക്കാട് പഞ്ചായത്ത്** | | | |
| ജി.യു.പി.എസ് എടവനക്കാട് | 1 | 01/12/10 | എസ്.എസ്.എൽ.സി, പി.പി.റ്റി.റ്റി.സി |

Sheela H